**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T 1360** — **13.06.2014 – ൽ മറുപടിക്ക്**

**വിദ്യാഭ്യാസ വായ്പയ്ക്ക് മോറട്ടോറിയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ എത്ര വിദ്യാർത്ഥികൾ വിദ്യാഭ്യാസ വായ്പയെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 31.03.2014 വരെ 170059 വിദ്യാർത്ഥികൾക്ക്, ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ട്. |
| (ബി) 2009 മാർച്ച് 31 വരെ എടുത്ത വിദ്യാഭ്യാസ വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ച കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; | (ബി) |
| (സി) എങ്കിൽ ഇതു പ്രകാരം എത്ര കുട്ടികളുടെ വായ്പാ തുക, പലിശ, പിഴപലിശ എന്നീ ഇനത്തിൽ എഴുതിത്തള്ളിയെന്ന് വിശദമാക്കാമോ ; | (സി) |

(ബി), (സി) കേന്ദ്ര സർക്കാർ ഇത്തരത്തിൽ മോറട്ടോറിയം പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(2)

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന സർക്കാർ നേരിട്ട് എത്ര കുട്ടികളുടെ വിദ്യാഭ്യാസ വായ്പയ്ക്ക് മോറട്ടോറിയം നൽകിയെന്നും ; എന്തു തുക എഴുതിത്തള്ളിയെന്നും വിശദമാക്കാമോ ? | (ഡി) | വിദ്യാഭ്യാസ വായ്പയിൽ കുടിശ്ശിക ഉള്ളതിനാൽ സംസ്ഥാന സർക്കാർ മുഖേനയും ബാങ്കുകൾ നേരിട്ടും സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തി വയ്ക്കുന്നതിന് മാത്രമാണ് വിദ്യാഭ്യാസ വായ്പകളിന്മേലുള്ള മോറട്ടോറിയം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. മോറട്ടോറിയത്തിന്റെ അടിസ്ഥാനത്തിൽ വായ്പ തുകയും, പലിശയും എഴുതിത്തള്ളുകയില്ല. നിലവിൽ വിദ്യാഭ്യാസ വായ്പയെടുത്ത തൊഴിൽ രഹിതരുടെ വായ്പയിന്മേൽ അനുവദിച്ച മോറട്ടോറിയം 09.10.2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ